LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ ജി മംഗലം പാലം, തൈച്ചേരി പാലം എന്നിവയുടെ നിർമ്മാണം

150 (2388) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കട്ടനാട്ടിലെ ജി മംഗലം പാലം, തൈച്ചേരി പാലം എന്നിവയുടെ നിർമ്മാണത്തിന് ഭരണാനുമതിയും സാമ്പത്തികാനുമതിയും ലഭ്യമാക്കുന്നതിന് സമർപ്പിച്ച അപേക്ഷയിന്മേൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

ജി മംഗലം പാലത്തിന് ഭരണാനുമതി നൽകുന്ന വിഷയവുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമായിട്ടില്ല. പ്രസ്തുത പ്രൊപ്പോസൽ ധനകാര്യ വകുപ്പിൽ ലഭ്യമാകുന്നമുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. തൈച്ചേരി പാലം നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയം ഭരണ വകുപ്പിന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഈ വകുപ്പിൽ പരിശോധിക്കുകയും സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക ബുദ്ധിമുട്ടുകളുടെ പശ്ചാത്തലത്തിൽ തൽക്കാലം മാറ്റിവക്കാൻ ഭരണ വകുപ്പിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

ബഡ്ജറ്റുകളിൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും പ്രതീക്ഷിച്ച തുക

151 (2389) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ ഓരോന്നിലും കേന്ദ്ര ഗവൺമെന്റിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുക എന്തെല്ലാം ഇനങ്ങളിൽ എത്ര കോടി വീതമായിരുന്നു ; ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ഇനം തിരിച്ച് വെളിപ്പെടുത്താമോ ;

(ബി) ഓരോ ബഡ്ജറ്റിലും പ്രതീക്ഷിച്ച തുകയിൽ യഥാർത്ഥത്തിൽ ലഭിച്ച തുക എത്ര കോടി വീതമായിരുന്നു; ബഡ്ജറ്റ് എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ യഥാർത്ഥത്തിൽ ലഭിച്ച തുകകൾ സംബന്ധിച്ച് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ നിയമസഭയിൽ അവതരിപ്പിച്ച ബഡ്ജറ്റുകളിൽ കേന്ദ്ര സർക്കാരിൽ നിന്നും കേന്ദ്ര നികുതി വിഹിതം, കേന്ദ്ര ധനസഹായം എന്നീ ഇനങ്ങളിൽ നിന്നും ലഭിക്കുമെന്ന് പ്രതീക്ഷിച്ച തുകയുടേയും ഇവയിൽ യഥാർത്ഥത്തിൽ ലഭിച്ച തുകയുടേയും അവയുടെ ശതമാന കണക്കും അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.